**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2601 07.10.2016 ൽ മറുപടിയ്ക്ക്**

## ബസ്സുകളുടെ അമിതവേഗത നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ. പാറക്കൽ അബ്ദുല്ല | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വേഗപ്പൂട്ടില്ലാത്ത കെ.എസ്.ആർ.ടി.സി / സ്വകാര്യ ബസ്സുകൾ ഉണ്ടാക്കുന്ന ഗുരുതരമായ റോഡപകടങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ)<br>&<br>(ബി) | കെ.എസ്.ആർ.ടി.സി യുടെയും സ്വകാര്യമേഖലയിലുള്ള ബസ്സുകൾ ഉൾപ്പെടെ സംസ്ഥാനത്തെ സ്റ്റേജ് കാര്യേജുകൾക്കെല്ലാം തന്നെ സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കിയിട്ടുണ്ട്. ആയത് ഘടിപ്പിക്കാത്ത ബസുകൾക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്. |
| (ബി) | എങ്കിൽ ഇത്തരം ബസ്സുകളിൽ വേഗപ്പൂട്ട് ഘടിപ്പിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വെളിപ്പെടുത്തുമോ ; | | |
| (സി) | കെ.എസ്.ആർ.ടി,സി / സ്വകാര്യ ബസ്സുകളുടെ അമിതവേഗം നിയന്ത്രിക്കുന്നതിനും അതുവഴി റോഡപകടങ്ങൾ കുറയ്ക്കുന്നതിനും സർക്കാർ എന്തെങ്കിലും പുതിയ സംവിധാനത്തിന് രൂപം നൽകുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (സി) | സ്പീഡ് ട്രേസറുകൾ, അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ മുതലായവ ഉപയോഗിച്ച് വാഹനങ്ങളുടെ അമിതവേഗത കണ്ടുപിടിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. ഡ്രൈവർമാർക്ക് നൽകി വരുന്ന പരിശീലന പരിപാടികളിൽ അമിത വേഗതയ്ക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. അമിത വേഗതയിലും അലക്ഷ്യമായും വാഹനമോടിക്കുന്നവരെ പിടികൂടുന്നതിന് വിവിധ സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് മുഴുവൻ പബ്ലിക് ട്രാൻസ്പോർട്ട് വാഹനങ്ങളിലും ജി.പി.എസ് അധിഷ്ഠിത നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ആദ്യഘട്ടമായി എല്ലാ സ്വകാര്യ ബസ്സുകളിലും പ്രസ്തുത സംവിധാനം സ്ഥാപിക്കുന്നതിനുള്ള പദ്ധതി പുരോഗമിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**